# ജീവിച്ചാലും മരിച്ചാലും

ജീവിച്ചാലും മരിച്ചാലും ദൈവം മാത്രം മതിയെനിക്ക്
ജീവനും മരണവും ഒരുപോലെ കാൽവരി തന്നൊരു വൻധൈര്യം

1. ജീവൻ നൽകി ജീവൻ തന്ന, ജീവാരംഭമായവനേ
ജീവൻ, മരണം, ജീവനെന്ന പാവനവൃത്തം ഞാൻ തേടും

2. നീയല്ലാതെ ആരെനിക്ക് മായ മാറ്റും ജീവനാകും
തായും താതനും സോദരനും പായും പടകും നീ തന്നെ

3. കാറ്റും കോളുമേറിവന്നാൽ മരണം മാറ്റും ജീവൻ നീ
തോറ്റാലും നീ ജയിച്ചീടും കാറ്റും കടലും താണ്ടിടും

4. ക്രൂശിനു നാശം ഭാരമല്ല ക്രൂശിൻ പൈതലായവന്
നാശം നീക്കും ഞായർ ദിനേ യേശു വീണ്ടും ജീവൻ തരും

5. ലോകമാകെ നേടിയാലും ചാകും ജീവൻ പോലെനിക്ക്
ശോകം നീക്കും നിത്യജീവൻ ലോകർക്കെല്ലാമേകീടണം.